(എ) ഇപ്പോൾ നമ്മുടെ സ്റ്റേറ്റിൽ റീട്ടെയിൽ തൽലൈസൻസികളായി എത്ര സഹകരണസംഘങ്ങളും എത്ര വ്യക്തികളും ഉണ്ട്;

(ബി) പറവൂർ (കൊല്ലം) മത്സ്യവ്യവസായികൾക്കായുള്ള തൽവിതരണം ഒരു സഹകരണസംഘത്തിൽനിന്നും വിട്ടുമാറ്റി ഒരു വ്യക്തിയെ ഏല്പിച്ചതിനെ സംബന്ധിച്ച് ഗവണ്മെണ്ടിൽ ആവലാതി ലഭിച്ചിട്ടുണ്ടോ;

(സി) ബി-യിൽ പറയുന്ന ആളുകൾക്ക് കഴിഞ്ഞ മാർച്ച് മാസത്തിനു ശേഷം എത്ര പ്രാവശ്യം തൽ കൊടുത്തു; ഓരോ പ്രാവശ്യവും വിതരണം നടത്തിയ ലൈസൻസി ആരാണ്?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) നാല് സംഘങ്ങൾക്കും ഉണ്ട്. വ്യക്തികൾക്ക് ആരുമില്ല.

(ബി) ഉണ്ട്.

(സി) ഒരു പ്രാവശ്യം തൽ കൊടുത്തിട്ടുണ്ട്. അത് വിതരണം നടത്തിയത് കൊല്ലത്തുള്ള ട്രാവൻകൂർ വീവിംഗ് സൊസൈറ്റിയാണ്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: പിന്നീട് ഈ സഹകരണസംഘത്തിനു തൽ കൊടുക്കാതിരുന്നത് എന്തുകൊണ്ടാണ്?

ശ്രീ. കെ. എം. കോര: ഈ സംഘം ഈ നാട്ടിലെ തൊഴിലാളികളെ പ്രതിനിധീകരിക്കുന്നില്ലെന്നും ഇവർ മുഖേന തൽ വിതരണംചെയ്യാൻ പാടില്ലെന്നും മറ്റും നിവേദനം ലഭിച്ചതുകൊണ്ടാണ് പിന്നീട് കൊടുക്കാത്തത്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: എന്നാൽ ആ സ്ഥലത്തുള്ള ആളുകളെ അപേക്ഷിച്ചിട്ടും കൊടുക്കാതെ അന്യസ്ഥലത്തുള്ള ഒരാൾക്കു ലൈസൻസ് കൊടുക്കാൻ കാരണമെന്താണെന്നു പറയാമോ?

ശ്രീ. കെ. എം. കോര: കഴിഞ്ഞ പ്രാവശ്യം കൊടുത്തതിനെപ്പറ്റിയാണെങ്കിൽ അവിടത്തെ തൊഴിലാളികൾ താമസിക്കുന്ന സ്ഥലത്തുനിന്നും ഫർലോങ്ങുകളോളം ദൂരെയാണ് സൊസൈറ്റി സ്ഥാപിച്ചിരിക്കുന്നതെന്ന കാരണത്താൽ ഒരു വ്യക്തിയെ അവിടത്തെ തൽവിതരണം ഏല്പിച്ചു.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: മേലാൽ അവിടത്തെ തൽവിതരണത്തെ സംബന്ധിച്ച് ഗവണ്മെൻറിന്റെ നയം എന്താണെന്നു പറയാമോ?

ശ്രീ. കെ. എം. കോര: മെമ്പർ ഉദ്ദേശിക്കുന്ന സ്ഥലത്തു പുതിയ സൊസൈറ്റി റജിസ്റ്റർചെയ്യുകഴിഞ്ഞസ്ഥിതിക്ക് ആ സൊസൈറ്റിമൂലമായിരിക്കും മേലാൽ വിതരണം നടത്തുന്നത്.

MEDICAL COLLEGE

*355. [11] **Sri. K. Ramachandran:** Will the hon. Chief Minister be pleased to state.—

(*a*) whether Government propose to increase the number of seats for students in the Medical College, Trivandrum;

(*b*) the officer who has been responsible for the preliminary organisation of the college and whether the Government have expressed their appreciation of his services;

(*c*) the qualification of this officer and the minimum qualifications required for the post of a Principal of a Medical College;

(*d*) the reasons why Government are not considering the question of confirming this officer as the first Principal of this College?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

LIBRARY ARCHIVES Kerala Legislative Assembly

(b) Dr. C. O. Karunakaran. No occasion has arisen for Government to express appreciation of his services.

(c) M.B.B.S. (Madras) D.P.H., D.T.M. & H. (Cambridge) D.B. (London), Practical Training, as Rockfeller Fellow in the Harward University and the Premier State Laboratories of America for over a year. Training in the Nutrition Research Laboratories, Coonoor.

Government have not fixed the minimum qualification for the post of the Principal.

(d) Government of India have been approached for getting a W.H.O. expert to be the Principal. The question of confirming the Special Officer as Principal has, therefore, not been considered.

ശ്രീ. കെ. രാമചന്ദ്രൻ: മെഡിക്കൽ കോളേജിന്റെ ചാർജ്ജ് വഹിക്കുന്ന ആഫീസറെ തൽസ്ഥാനത്തു (പ്രിൻസിപ്പാളായി) സ്ഥിരപ്പെടുത്തുന്ന കാര്യത്തെപ്പറ്റി ആലോചിക്കുന്നതിനു വല്ല തടസ്സവും ഉണ്ടോ?

Sri. C. Kesavan. I may inform the hon. Member that the W. H. O. has found out a person and we are now negotiating the terms on which he could be got down.

വളം

*നമ്പർ. (ചോ) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അടുത്തുവരുന്ന പഞ്ചകൃഷി മുതലായ നെൽകൃഷിക്കു് ആവശ്യമായ വളം, മിക്ക വളംഡിപ്പോകളിലും ഇല്ല എന്നുള്ളതു് ശരിയാണോ;

(ബി) ഇപ്പോൾ എന്തുമാത്രം വളം സ്റ്റാക്കിലുണ്ടെന്നു പറയാമോ;

(സി) വളങ്ങൾക്കുള്ള ഓർഡറുകൾ അയക്കുന്നതിനു് കാലവിളംബം നേരിട്ടെങ്കിൽ അതിനു കാരണമെന്തു്;

(ഡി) എപ്പോഴത്തേക്കു് വളം ശേഖരിക്കപ്പെടും?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര): (എ) മിക്ക ഡിപ്പോകളിലും വളം ഇല്ലെന്നു പറയുന്നതു ശരിയല്ല.

(ബി) ഉദ്ദേശം ൨, ൪ ൦ ൦ ടൺ.

(സി) ഓർഡർ അയയ്ക്കുന്നതിനു കാലതാമസം നേരിട്ടിട്ടില്ല. അന്യസ്ഥലങ്ങളിൽനിന്നും വളം നമ്മുടെ രാജ്യത്തു വന്നുചേരുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടു്.

(ഡി) പഞ്ചകൃഷിക്കുവേണ്ടി വളം സെപ്റ്റംബർ–ഒക്ടോബർ മാസങ്ങളിൽ ശേഖരിച്ചുവരുന്നു.

ശ്രീ. കെ. എ. മാത്യു: ഏതു ഡിപ്പോകളിൽ ഇപ്പോൾ വളം ഇല്ലെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

Sri. N. Daniel Jose: Out of the amount set apart for the distribution of etc., in the Budget, how much has been actually spent so far?

Sri. K. M. Korah: If it is a question of the actual amount spent already, I claim notice. But certain portion has already been spent and another portion *i.e.*, a big amount is also about to be spent.

ശ്രീ. കെ. എ. മാത്യു: ഈ ആണ്ടത്തേക്കു എന്തുമാത്രം വളം ആവശ്യമുണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly